**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 558** | **24-08-2022 - ൽ മറുപടിയ്ക്ക്**

**ട്രഷറി നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം ട്രഷറികളുടെ നവീകരണത്തിനാണ് തുക അനുവദിച്ചതെന്ന് വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം ജില്ലാ ട്രഷറികളായ പാലക്കാട്, തൃശ്ശൂർ, പാലാ, എറണാകുളം, മട്ടന്നൂർ, കണ്ണൂർ, മലപ്പുറം, താമരശ്ശേരി, എന്നീ ട്രഷറികൾക്കും സബ് ട്രഷറികളായ കല്ലൂർക്കാട്, കട്ടപ്പന, തളിപ്പറമ്പ്, മീനച്ചൽ, കടുത്തുരുത്തി, ഉഴവൂർ, കോട്ടയം, പെൻഷൻ പെയ്മെന്റ് സബ് ട്രഷറി എറണാകുളം, നോർത്ത് പറവൂർ, മട്ടാഞ്ചേരി, നായരമ്പലം, തൃപ്പൂണിത്തുറ, അങ്കമാലി, അഡിഷണൽ സബ് ട്രഷറി എറണാകുളം, പള്ളുരുത്തി, കളമശ്ശേരി, മുളന്തുരുത്തി, പെൻഷൻ പെയ്മെന്റ് സബ് ട്രഷറി കോഴിക്കോട്, കൊടുങ്ങല്ലൂർ, നെയ്യാറ്റിൻകര, വെള്ളനാട്, വികാസ് ഭവൻ, വൈക്കം എന്നീ ട്രഷറികൾക്കും നവീകരണത്തിനായി തുക അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഓരോ ട്രഷറിക്കും അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ? | (ബി) | ഓരോ ട്രഷറിക്കും അനുവദിച്ച തുക താഴെ കൊടുക്കുന്നു, ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. |

| ട്രഷറി | PWD(തുക രൂപയിൽ) | നിർമ്മിതി കേന്ദ്ര (തുക രൂപയിൽ) | ഏജൻസികൾ |
|---|---|---|---|
| പാലക്കാട് | 16,21,384/- | | |
| തൃശ്ശൂർ | | 7,00,000/- | |
| പാലാ | | 7,30,000/- | |
| എറണാകുളം | | 98,000/- | |
| മട്ടന്നൂർ | | | 46,41,609/- |
| കണ്ണൂർ | | 14,70,000/- | |
| മലപ്പുറം | 18,87,021/- | | |
| താമരശ്ശേരി | 17,10,000/- | | |
| സബ്ട്രഷറി | | | |
| ട്രഷറി | PWD | നിർമ്മിതി കേന്ദ്ര | ഏജൻസികൾ |
| കല്ലൂർക്കാട് | 7,48,000/- | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | കട്ടപ്പന | 15,00,000/- | | |
| | | | | തളിപ്പറമ്പ് | 17,00,000/- | | |
| | | | | മീനച്ചിൽ | | 7,68,000/- | |
| | | | | കടുത്തുരുത്തി | | 10,00,000/- | |
| | | | | ഉഴവൂർ | 3,96,215/- | 10,00,000/- | |
| | | | | കോട്ടയം | | | 38,22,000/- |
| | | | | PPST എറണാകുളം | 3,40,968/- | | |
| | | | | നോർത്ത് പറവൂർ | | 7,95,000/- | |
| | | | | മട്ടാഞ്ചേരി | | 1,00,000/- | |
| | | | | നായരമ്പലം | | 23,000/- | |
| | | | | തൃപ്പൂണിത്തുറ | | 2,85,000/- | |
| | | | | അങ്കമാലി | | 3,63,000/- | |
| | | | | Ad ST എറണാകുളം | | 4,38,000/- | |
| | | | | പള്ളുരുത്തി | | 94,000/- | |
| | | | | കളമശ്ശേരി | | 40,000/- | |
| | | | | മുളന്തുരുത്തി | | | 22,850/- |
| | | | | PPST കോഴിക്കോട് | | | 2,92,822/- |
| | | | | പുതിയറ | 3,22,000/- | | |
| | | | | കൊടുങ്ങല്ലൂർ | 24,09,494/- | | |
| | | | | നെയ്യാറ്റിൻകര | 7,00,000/- | | |
| | | | | വെള്ളനാട് | 20,52,000/- | | |
| | | | | വികാസ് ഭവൻ | 1,09,000/- | | |
| | | | | വൈക്കം | 3,00,000/- | | |

സെക്ഷൻ ഓഫീസർ

I/26133/202

ഭരണഭാഷ – മാതൃഭാഷ

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം,
തീയതി: 20-08-2022

നം. TRY/3492/2022-TIDP -IV

പ്രേഷകൻ

ട്രഷറി ഡയറക്ടർ
തിരുവനന്തപുരം

സ്വീകർത്താവ്

അഡീഷണൽ ചീഫ് സെക്രട്ടറി
ധനകാര്യം.

സർ,

വിഷയം: പതിനഞ്ചാം കേരള നിയമസഭ, ആറാം സമ്മേളനം– നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 558 (എ) (ബി) പിരിവുകൾക്കുള്ള മറുപടി സമർപ്പിക്കുന്നത്–സംബന്ധിച്ച്.

സൂചന : ധനകാര്യ (എസ്റ്റാ.സി) വകുപ്പിൽ നിന്നുള്ള 19/8/2022 തീയതി ലഭിച്ച മെയിൽ സന്ദേശം (6427618/എസ്റ്റാ.സി).

സൂചനയിലേക്ക് ശ്രദ്ധ സാദരം ക്ഷണിക്കുന്നു. പതിനഞ്ചാം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിൽ മറുപടി നൽകേണ്ട ചോദ്യം നമ്പർ 558 (എ) ,(ബി) പിരിവുകൾക്കുള്ള മറുപടി തയ്യാറാക്കുന്നതിനാവശ്യമായ വിവരങ്ങൾ ചുവടെ ചേർത്ത് സമർപ്പിക്കുന്നു.

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ (TIDP) ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പ്, നിർമ്മിതികേന്ദ്ര, ARTCO എന്നീ ഏജൻസികൾ മുഖാന്തിരം ജില്ലാ ട്രഷറികളായ പാലക്കാട്, തൃശ്ശൂർ, പാലാ, എറണാകുളം, മട്ടന്നൂർ, കണ്ണൂർ, മലപ്പുറം, താമരശ്ശേരി എന്നീ ട്രഷറികൾക്കും സബ് ട്രഷറികളായ കല്ലൂർക്കാട്, കട്ടപ്പന, തളിപ്പറമ്പ്, മീനച്ചിൽ, കടുത്തുരുത്തി, ഉഴവൂർ, കോട്ടയം, പെൻഷൻ പെയ്മെന്റ് സബ് ട്രഷറി എറണാകുളം, നോർത്ത് പറവൂർ, മട്ടാഞ്ചേരി, നായരമ്പലം, തൃപ്പൂണിത്തുറ, അങ്കമാലി, അഡീഷണൽ സബ് ട്രഷറി എറണാകുളം, പള്ളുരുത്തി, കളമശ്ശേരി, മുളന്തുരുത്തി, പെൻഷൻ പെയ്മെന്റ് സബ് ട്രഷറി കോഴിക്കോട്, കൊടുങ്ങല്ലൂർ, നെയ്യാറ്റിൻകര, വെള്ളനാട്, വികാസ് ഭവൻ, വൈക്കം എന്നീ ട്രഷറികൾക്കും നവീകരണത്തിനായി തുക അനുവദിച്ചിട്ടുണ്ട്.

(ബി) ഓരോ ട്രഷറികൾക്കും അനുവദിച്ച തുക താഴെ കൊടുക്കുന്നു.

ജില്ലാ ട്രഷറി:-

| | | | |
|---|---|---|---|
| | | | ARTCO/മറ്റ് |

| ട്രഷറി | PWD | നിർമ്മിതി കേന്ദ്ര | ഏജൻസികൾ |
|---|---|---|---|
| പാലക്കാട് | 16,21,384/- | | |
| തൃശ്ശൂർ | | 7,00,000/- | |
| പാലാ | | 7,30,000/- | |
| എറണാകുളം | | 98,000/- | |
| മട്ടന്നൂർ | | | 46,41,609/- |
| കണ്ണൂർ | | 14,70,000/- | |
| മലപ്പുറം | 18,87,021/- | | |
| താമരശ്ശേരി | 17,10,000/- | | |

സബ് ട്രഷറി-

| ട്രഷറി | PWD | നിർമ്മിതി കേന്ദ്ര | ARTCO/മറ്റ് ഏജൻസികൾ |
|---|---|---|---|
| കല്ലൂർക്കാട് | 7,48,000/- | | |
| കട്ടപ്പന | 15,00,000/- | | |
| തളിപ്പറമ്പ് | 17,00,000/- | | |
| മീനച്ചിൽ | | 7,68,000/- | |
| കടുത്തുരുത്തി | | 10,00,000/- | |
| ഉഴവൂർ | 3,96,215/- | 10,00,000/- | |
| കോട്ടയം | | | 38,22,000/- |
| PPST എറണാകുളം | 3,40,968/- | | |
| നോർത്ത് പറവൂർ | | 7,95,000/- | |
| മട്ടാഞ്ചേരി | | 1,00,000/- | |
| നായരമ്പലം | | 23,000/- | |
| തൃപ്പൂണിത്തുറ | | 2,85,000/- | |
| അങ്കമാലി | | 3,63,000/- | |
| Ad STഎറണാകുളം | | 4,38,000/- | |
| പള്ളുരുത്തി | | 94,000/- | |
| കളമശ്ശേരി | | 40,000/- | |
| മുളന്തുരുത്തി | | | 22,850/- |
| PPST കോഴിക്കോട് | | | 2,92,822/- |
| പുതിയറ | 3,22,000/- | | |
| കൊടുങ്ങല്ലൂർ | 24,09,494/- | | |
| നെയ്യാറ്റിൻകര | 7,00,000/- | | |
| വെള്ളനാട് | 20,52,000/- | | |
| വികാസ് ഭവൻ | 1,09,000/- | | |
| വൈക്കം | 3,00,000/- | | |

നവീകരണ പ്രവൃത്തികൾക്ക ലഭിച്ച AS ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

ഉള്ളടക്കം: മേൽ പ്രസ്താവ്യം

I/26133/2[illegible]2

വിശ്വസ്തതയോടെ

Signed by V Sajan
Date: 20-08-2022 17:47:55

V SAJAN
DIRECTOR

---

DIRECTORATE OF TREASURIES
19 FEB 2022
THIRUVANANTHAPURAM

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - എസ്റ്റാബ്ലിഷ്മെന്റ് - ട്രഷറി വകുപ്പ് - പാലക്കാട് ജില്ലാ ട്രഷറിയിലെ ഇലക്ട്രോണിക്സ്, ഇലക്ട്രിക്കൽ വർക്കുകൾക്ക് പൊതുമരാമത്തു വകുപ്പിൽ നിന്നും ലഭിച്ചിട്ടുള്ള അധിക എസ്റ്റിമേറ്റിനു പുതുക്കിയ ഭരണാനുമതിയും ചെലവനുവാദവും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -സി) വകുപ്പ്**

സ.ഉ.(സാധാ)നം.1036/2022/ധന. തിരുവനന്തപുരം, തീയതി : 15/02/2022

പരാമർശം:- 1. സ.ഉ.(സാധാ)നം. 7094/2020/ധന തീയതി 03/12/2020.
2. ട്രഷറി ഡയറക്ടറുടെ 08/12/2021 തീയതിയിലെ TRY/3081/2020-TIDP-IV നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലാ ട്രഷറിയുടെ നവീകരണ പ്രവർത്തനങ്ങൾക്കായി ട്രഷറി ഡയറക്ടർ സമർപ്പിച്ചിരുന്ന 30,00,000/- രൂപയുടെ എസ്റ്റിമേറ്റിന് പരാമർശം 1 പ്രകാരം ഭരണാനുമതി പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഇലക്ട്രോണിക് പ്രവൃത്തികൾക്കായി പൊതുമരാമത്ത് വകുപ്പ് പാലക്കാട് ഇലക്ട്രോണിക് വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ള 9,10,000/- രൂപയുടെ എസ്റ്റിമേറ്റും, ഇലക്ട്രിക്കൽ വർക്കുകൾ ചെയ്യുന്നതിനായി പൊതുമരാമത്ത് വകുപ്പ് പാലക്കാട് ഇലക്ട്രിക്കൽ വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ള 7,11,384/- രൂപയുടെ എസ്റ്റിമേറ്റും അടക്കം മൊത്തം 16,21,384/- (പതിനാറു ലക്ഷത്തി ഇരുപത്തി ഒന്നായിരത്തി മുന്നൂറ്റി എൺപത്തിനാല് രൂപ മാത്രം) രൂപയുടെ അധിക എസ്റ്റിമേറ്റിനു ഭരണാനുമതി നൽകണമെന്ന് പരാമർശം 2 ലെ കത്ത് പ്രകാരം ട്രഷറി ഡയറക്ടർ അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഡ്ജറ്റിന്റെ ലഭ്യതയും എല്ലാ ഇനങ്ങളുടെയും നിരക്കുകളുടെ കൃത്യതയും ടെക്നിക്കൽ സാങ്ഷൻ അതോറിറ്റി ഉറപ്പ് വരുത്തേണ്ടതാണെന്ന വ്യവസ്ഥയിൽ പാലക്കാട് ജില്ലാ ട്രഷറിയിലെ ഇലക്ട്രോണിക്സ്, ഇലക്ട്രിക്കൽ വർക്കുകൾക്ക് പൊതുമരാമത്തു വകുപ്പിൽ നിന്നും ലഭിച്ചിട്ടുള്ള 16,21,384/- രൂപയുടെ (പതിനാറു ലക്ഷത്തി ഇരുപത്തി ഒന്നായിരത്തി മുന്നൂറ്റി എൺപത്തിനാല് രൂപ മാത്രം) എസ്റ്റിമേറ്റിനു ഭരണാനുമതിയും ടി തുക നടപ്പ് സാമ്പത്തിക വർഷത്തെ വകുപ്പിന്റെ 2054-00-095-96 (പിവി)TIDP എന്ന ശീർഷകത്തിൽ നിന്ന് നിർവ്വഹിക്കുന്നതിനുള്ള ചെലവനുവാദവും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )
**ഫെറോൾഡ് സേവ്യർ**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ് II) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, പാലക്കാട്.

TRY/3081/2020-TIDP -IV

75689/2022/CRU TRY

വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്.
നോഡൽ ഓഫീസർ, www.finance.kerala.gov.in
ധനകാര്യ എക്സ്പെൻഡിച്ചർ സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി ( 1951126)

ഉത്തരവിൻ പ്രകാരം

[signature]

അക്കൗണ്ട്സ് ഓഫീസർ

TRY/1651/2020-TIDP -IV

87024/20[illegible]/TIDP TRY

आज़ादी का अमृत महोत्सव

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ്. - എസ്റ്റാബ്ലിഷ്മെന്റ് - ട്രഷറി വകുപ്പ് - ജില്ലാ ട്രഷറി മലപ്പുറം ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് നവീകരണ പ്രവർത്തികൾക്കായി പൊതുമരാമത്തു മുഖേന ഡെപ്പോസിറ്റ് പ്രവർത്തിയായി നിർവഹിക്കുന്നതിനുള്ള ഭരണാനുമതിയും ചെലവനുവാദവും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -സി) വകുപ്പ്**

സ.ഉ.(സാധാ)നം.4792/2022/ധന. തിരുവനന്തപുരം, തീയതി 02/07/2022

പരാമർശം :- ട്രഷറി ഡയറക്ടറുടെ 08/06/2022 തീയതിയിലെ TRY/1651/220-TIDP-IV നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലാ ട്രഷറി നവീകരണ പ്രവർത്തികൾക്കായി എസ്റ്റിമേറ്റ് തുകയായ 18,87,021/- (പതിനെട്ട് ലക്ഷത്തി എൺപത്തേഴായിരത്തി ഇരുപത്തൊന്ന് രൂപ മാത്രം) രൂപ പൊതുമരാമത്തു മുഖേന ഡെപ്പോസിറ്റ് പ്രവർത്തിയായി നിർവഹിക്കുന്നതിനുള്ള ഭരണാനുമതിയും നടപ്പ് സാമ്പത്തിക വർഷത്തിലെ 2054-00-095-96(VP)-TIDP എന്ന ശീർഷകത്തിൽ നിന്നും ഉപയോഗിക്കുന്നതിനുള്ള ചെലവനുവാദവും നൽകണമെന്നു പരാമർശം 1 പ്രകാരം ട്രഷറി ഡയറക്ടർ അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയിരിക്കുന്ന എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലാ ട്രഷറി നവീകരണ പ്രവർത്തികൾക്കായി 18,87,021/- (പതിനെട്ട് ലക്ഷത്തി എൺപത്തേഴായിരത്തി ഇരുപത്തൊന്ന് രൂപ മാത്രം) രൂപ പൊതുമരാമത്തു വകുപ്പ് മുഖേന ഡെപ്പോസിറ്റ് പ്രവർത്തിയായി നിർവഹിക്കുന്നതിനുള്ള ഭരണാനുമതിയും ഈ തുക നടപ്പ് സാമ്പത്തിക വർഷത്തിലെ 2054-00-095-96(VP)-TIDP എന്ന ശീർഷകത്തിൽ നിന്നും ഉപയോഗിക്കുന്നതിനുള്ള ചെലവനുവാദവും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ശ്രീനി.ജി**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ് II) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, മലപ്പുറം.
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (E 2115052)

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ

DIRECTOR ...
21 MAR 2022
THIRUVANANTHAPURAM

33

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - എസ്റ്റാബ്ലിഷ്മെന്റ് - ട്രഷറി വകുപ്പ് - താമരശ്ശേരി ജില്ലാ ട്രഷറി കെട്ടിടത്തിന്റെ കൗണ്ടർ പുനർ നിർമ്മാണവുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തികൾക്കായി പൊതുമരാമത്തു വകുപ്പിൽ നിന്നുള്ള എസ്റ്റിമേറ്റിന് ഭരണാനുമതിയും ചെലവനുവാദവും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -സി) വകുപ്പ്**

സ.ഉ.(സാധാ) നം.1893/2022/ധന. തിരുവനന്തപുരം, തീയതി : 16/03/2022

---

പരാമർശം:- 1. സർക്കാർ ഉത്തരവ്(സാധാ)നം. 5761/2020/ധന തീയതി 09/10/2020.
2. ട്രഷറി ഡയറക്ടറുടെ 02/02/2022 തീയതിയിലെ TRY/2256/2020-TIDP-III

**ഉത്തരവ്**

താമരശ്ശേരി ജില്ലാ ട്രഷറി കെട്ടിടത്തിലെ കൗണ്ടറുകൾ ചിതൽ പിടിച്ച് നശിച്ചത് പുനരുദ്ധീകരിക്കുന്നതിനു 15,40,000/- രൂപയുടെ എസ്റ്റിമേറ്റിന് പരാമർശം 1 പ്രകാരം ഭരണാനുമതി പുറപ്പെടുവിച്ചിരുന്നു. എന്നാൽ വൈദ്യുതീകരണ ജോലികൾ, ഇലക്ട്രോണിക് വർക്ക് എന്നീ പ്രവൃത്തികൾക്ക് തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പൊതുമരാമത്ത് വകുപ്പ് (കോഴിക്കോട്) കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ള 17,10,000/- (പതിനേഴ് ലക്ഷത്തി പതിനായിരം രൂപ മാത്രം) രൂപയുടെ അധിക എസ്റ്റിമേറ്റിനു ഭരണാനുമതി നൽകണമെന്ന് പരാമർശം 2 ലെ കത്ത് പ്രകാരം ട്രഷറി ഡയറക്ടർ അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. താമരശ്ശേരി ജില്ലാ ട്രഷറി കെട്ടിടത്തിന്റെ കൗണ്ടർ പുനർനിർമാണവുമായി ബന്ധപ്പെട്ട പ്രവർത്തികളായ വൈദ്യുതീകരണ ജോലികൾ, ഇലക്ട്രോണിക് വർക്ക് എന്നിവയ്ക്കായി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം കോഴിക്കോട് എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ച 17,10,000/- രൂപയുടെ (പതിനേഴ് ലക്ഷത്തി പതിനായിരം രൂപ മാത്രം) എസ്റ്റിമേറ്റിന് ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഭരണാനുമതിയും ടി തുക നടപ്പ് സാമ്പത്തിക വർഷത്തെ വകുപ്പിന്റെ 2054-00-095-96(പിവി) TIDP എന്ന ശീർഷകത്തിൽ നിന്ന് നിർവ്വഹിക്കുന്നതിനുള്ള ചെലവനുവാദവും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. നിലവിലുള്ള സർക്കാർ ഉത്തരവുകൾ അടിസ്ഥാനമാക്കി ഒബ്സർവേഡ് ഡേറ്റ ഇനങ്ങളുടെ നിരക്കുകൾ അംഗീകരിച്ചിട്ടുണ്ടെന്നു ടെക്നിക്കൽ സാങ്ഷനിംഗ് അതോറിറ്റി ഉറപ്പാക്കുകയും അത്തരം ഇനങ്ങളുടെ ആവശ്യകത ഉറപ്പാക്കുകയും ചെയ്യണം.

2. ഇലക്ട്രിക്ക്, ഇലക്ട്രോണിക് ജോലികൾക്കായി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതും അംഗീകൃത ഏജൻസികളിൽ നിന്നും ഏറ്റവും കുറഞ്ഞ നിരക്കിലാണ് ഫർണിച്ചർ വാങ്ങുന്നതെന്നും ടെക്നിക്കൽ സാങ്ഷനിംഗ് അതോറിറ്റി ഉറപ്പാക്കണം.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

**ശ്രീനി.ജി**

**ജോയിന്റ് സെക്രട്ടറി**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ് II) കേരള, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ ട്രഷറി ഓഫീസർ, താമരശ്ശേരി.

വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്.

നോഡൽ ഓഫീസർ, www.finance.kerala.gov.in.

ധനകാര്യ എക്സ്പെൻഡിച്ചർ സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി ( 1585873)

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ

കേരള സർക്കാർ

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് - എസ്റ്റാബ്ലിഷ്മെന്റ് - ട്രഷറി വകുപ്പ് - മട്ടന്നൂർ അഡീഷണൽ ജില്ലാ ട്രഷറിയുടെ പുതിയ കെട്ടിടത്തിന്റെ കൗണ്ടർ, ഇന്റീരിയർ നിർമ്മാണ പ്രവൃത്തികൾക്ക് ARTCO സമർപ്പിച്ചിരിക്കുന്ന എസ്റ്റിമേറ്റിന് - ഭരണാനുമതിയും ചെലവനുവാദവും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -സി) വകുപ്പ്**

സ.ഉ.(സാധാ)നം. 7864/2021/ധന.

തിരുവനന്തപുരം, തീയതി : 03/12/2021

പരാമർശം :- ട്രഷറി ഡയറക്ടറുടെ 06/10/2021 തീയതിയിലെ TRY/1901/2019 -A1 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

മട്ടന്നൂർ ജില്ലാ ട്രഷറിയ്ക്കായി പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിൽ ട്രഷറി പ്രവർത്തിപ്പിക്കുന്നതിനായി ക്യാഷ് കൗണ്ടർ, ഫർണിഷിംഗ് വർക്കുകൾ, കബോർഡുകൾ എന്നീ ഇന്റീരിയർ നിർമ്മാണ പ്രവർത്തികൾക്കായി ARTCO സമർപ്പിച്ചിട്ടുള്ള ₹46,41,609/- (നാൽപ്പത്തിയാറ് ലക്ഷത്തി നാൽപ്പത്തിയൊന്നായിരത്തി അറുനൂറ്റി ഒൻപത് രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകണമെന്ന് പരാമർശം 1 ലെ കത്ത് പ്രകാരം ട്രഷറി ഡയറക്ടർ അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് മട്ടന്നൂർ ജില്ലാ ട്രഷറിയ്ക്കായി പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിൽ ട്രഷറി പ്രവർത്തിപ്പിക്കുന്നതിനായി ക്യാഷ് കൗണ്ടർ, ഫർണിഷിംഗ് വർക്കുകൾ, കബോർഡുകൾ എന്നീ ഇന്റീരിയർ നിർമ്മാണ പ്രവർത്തികൾക്കായി ARTCO സമർപ്പിച്ചിട്ടുള്ള ₹46,41,609/-(നാൽപ്പത്തിയാറ് ലക്ഷത്തി നാൽപ്പത്തിയൊന്നായിരത്തി അറുനൂറ്റി ഒൻപത് രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതിയും ടി തുക നടപ്പ് സാമ്പത്തിക വർഷത്തെ 2054-00-095-96 (PV) TIDP എന്ന ശീർഷകത്തിൽ നിന്ന് നിർവ്വഹിക്കുന്നതിനുള്ള ചെലവനുവാദവും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഹെറോൾഡ് സേവ്യർ**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ് I) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, മട്ടന്നൂർ.
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്.
നോഡൽ ഓഫീസർ, www.finance.kerala.gov.in
ധനകാര്യ എക്സ്പെൻഡിച്ചർ സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി 1873805

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

37026/2020/CRU TRY

DIRECTORATE OF TREASURIES
02 JUL 2020

59

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യവകുപ്പ്- എസ്റ്റാബ്ലിഷ് മെന്റ് - ട്രഷറിവകുപ്പ് - സംസ്ഥാനത്തെ ട്രഷറികളിലെ അടിസ്ഥാന സൗകര്യ വികസനം - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. .

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -സി) വകുപ്പ്**

സ.ഉ.(സാധാ) നം.3842/2020/ധന  തിരുവനന്തപുരം, തീയതി. 24/06/2020

പരാമർശം:- 1. സർക്കുലർ നം. 34/2019/ധന തീയതി 25/04/2019
2. സ.ഉ.(സാധാ) നം.2836/2020/ധന തീയതി : 21/04/2020
3. ട്രഷറി ഡയറക്ടറുടെ 25/05/2020 തീയതിലെ TRY/12491/2019A (TIDP)II നമ്പർ കത്ത്

**<u>ഉത്തരവ്</u>**

2019-20-ലെ ബഡ്ജറ്റിൽ സർക്കാർ ഓഫീസുകളിൽ പൊതുജനങ്ങൾക്കാവശ്യമായ എല്ലാ സൗകര്യങ്ങളും എർപ്പെടുത്തുന്നതിനായി ഒരു പദ്ധതി പ്രഖ്യാപിക്കുകയും പരാമർശം 1 പ്രകാരം പ്രസ്തുത പദ്ധതിയുടെ നടപ്പാക്കലുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുമുണ്ടായി. ആയതുമായി ബന്ധപ്പെട്ട് ട്രഷറി ഡയറക്ടർ സമർപ്പിച്ച ഒന്നാം ഘട്ട ശിപാർശയ്ക്ക് പരാമർശം 2 പ്രകാരം അനുമതി നൽകിയിരുന്നു. രണ്ടാം ഘട്ട ശിപാർശ എന്ന നിലയിൽ ശുചിമുറികളുടെ നിർമ്മാണവും നവീകരണവും, ഭിന്നശേഷിക്കാർക്ക് ട്രഷറിയിലേക്ക് പ്രവേശിക്കുന്നതിനുള്ള റാമ്പുകളുടെ നിർമ്മാണവും, പെയിന്റ് ചെയ്തിട്ട് 5 വർഷത്തിലേറെയായ ട്രഷറികൾ പുതുതായി പെയിന്റ് ചെയ്ത് നവീകരിക്കുന്നതിനുമായി സംസ്ഥാന നിർമ്മിതി കേന്ദ്രം സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിന് ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശം 3 പ്രകാരം ട്രഷറി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന ട്രഷറികളിലെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ട്രഷറികളിൽ ആവശ്യമായ ശുചിമുറികൾ നവീകരിക്കുന്നതിനും, നിലവിൽ ആവശ്യത്തിന് ശുചിമുറികൾ ലഭ്യമല്ലാത്ത, എന്നാൽ പുതിയത് നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമായ ട്രഷറികളിൽ ശുചിമുറികൾ പുതുതായി നിർമ്മിക്കുന്നതിനും, പെയിന്റ് ചെയ്തിട്ട് 5 വർഷത്തിലേറെയായ ട്രഷറികൾ പുതുതായി പെയിന്റ് ചെയ്ത് നവീകരിക്കുന്നതിനും ഭിന്നശേഷിക്കാർക്ക് ട്രഷറിയിലേക്ക് പ്രവേശിക്കുന്നതിന് റാമ്പ് ലഭ്യമല്ലാത്ത ട്രഷറികളിൽ ആയത് സ്ഥാപിക്കുന്നതിനുമായി

37026/2020/CRU TRY

സംസ്ഥാന നിർമ്മിതി കേന്ദ്രം സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിൽ ജില്ലാ ട്രഷറികൾക്കാ 80,91,928/- (എൺപത് ലക്ഷത്തി തൊണ്ണൂറ്റിയൊന്നായിരത്തി തൊള്ളായിരത്തി ഇരുപത്തിയെട്ട് രൂപ മാത്രം ) രൂപ 2054-00-097-99-67 എന്ന ശീർഷകത്തിൽ നിന്നും സബ് ട്രഷറികൾക്കായി 3,55,21,040/-( മൂന്ന് കോടി അൻപത്തി അഞ്ച് ലക്ഷത്തി ഇരുപത്തിയൊന്നായിരത്തി നാൽപ്പത് രൂപ മാത്രം ) രൂപ 2054-00-097-98-67 എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എസ്.ഡി.ഫെറോൾഡ് സേവ്യർ
അഡീഷണൽ സെക്രട്ടറി

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ ) കേരള, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
ധനകാര്യ എക്സ്പെൻഡിച്ചർ സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി - (E-1343614)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

-37-

DIRECTORATE OF TREASURIES
08 AUG 2022
THIRUVANANTHAPURAM

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - എസ്റ്റാബ്ലിഷ്മെന്റ് - ട്രഷറി വകുപ്പ് - സ്ഥാപനക്കാര്യം -തൃശ്ശൂർ ജില്ലാ ട്രഷറിയുടെ നവീകരണത്തിനായി നിർമ്മിതി കേന്ദ്രം തൃശ്ശൂർ സെന്റർ റീജിയണൽ എഞ്ചിനീയർ ലഭ്യമാക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതിയും ചെലവനുവാദവും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -സി) വകുപ്പ്**

സ.ഉ.(സാധാ)നം. 5525/2022/ധന. തിരുവനന്തപുരം, തീയതി : 03/08/2022

പരാമർശം:- 1. ട്രഷറി ഡയറക്ടറുടെ 24/05/2022 തീയതിയിലെ TRY/12491/2019-A(TIDP) II നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലാ ട്രഷറിയിൽ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പെയിന്റിംഗ്, ടോയിലെറ്റ് നവീകരണം എന്നീ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തിരമായി ചെയ്യുന്നതിനായി നിർമ്മിതി കേന്ദ്രം തൃശ്ശൂർ സെന്റർ റീജിയണൽ എഞ്ചിനീയർ ലഭ്യമാക്കിയ 7,00,000/- രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതിയും ചെലവനുവാദവും നൽകണമെന്ന് പരാമർശം 1 പ്രകാരം ട്രഷറി ഡയറക്ടർ അപേക്ഷിച്ചിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, തൃശ്ശൂർ ജില്ലാ ട്രഷറിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നിർമ്മിതി കേന്ദ്രം തൃശ്ശൂർ സെന്റർ റീജിയണൽ എഞ്ചിനീയർ ലഭ്യമാക്കിയ 7,00,000/- (ഏഴ് ലക്ഷം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതിയും ടി തുക നടപ്പ് സാമ്പത്തിക വർഷത്തിലെ 2054-00-095-96 (VP) TIDP എന്ന ശീർഷകത്തിൽ നിന്ന് ഉപയോഗിക്കുന്നതിനുള്ള ചെലവനുവാദവും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )
**ശ്രീനി ജി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ് II) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ ട്രഷറി , തൃശ്ശൂർ
വെബ് & ന്യൂ മീഡിയ, പബ്ലിക്ക് റിലേഷൻസ് വകുപ്പ്.
നോഡൽ ഓഫീസർ, www.finance.kerala.gov.i
സ്റ്റോക്ക്ഫയൽ/ഓഫീസ് കോപ്പി (2110951)

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ

83630/2022/C...

DIRECTORATE OF ...
28 MAY 2022
THIRUVANANTHAPURAM

TRY/4385/2021-TIDP -IV

**കേരള സർക്കാർ**

**സംഗ്രഹം**

ട്രഷറി വകുപ്പ് - എസ്റ്റാബ്ലിഷ്മെന്റ് - കല്ലൂർക്കാട് സബ് ട്രഷറി, താൽക്കാലിക കെട്ടിടത്തിൽ അടിയന്തിര അറ്റകുറ്റ പണികൾ നടത്തുന്നതിന് - ഭരണാനുമതിയും ചെലവനുവാദവും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -സി) വകുപ്പ്**

സ.ഉ.(സാധാ)നം.3834/2022/ധന. തിരുവനന്തപുരം, തീയതി : 21/05/2022

പരാമർശം :- 28/01/2022, 05/05/2022 തീയതികളിലെ ട്രഷറി ഡയറക്ടറുടെ കത്ത് നം. TRY/4385/2021-TIDP-IV

**ഉത്തരവ്**

കല്ലൂർക്കാട് സബ് ട്രഷറിക്കായി പുതിയ കെട്ടിടം നിർമ്മിക്കുന്നതുവരെ ഇടപാടുകാർക്കും ജീവനക്കാർക്കും യാതൊരുവിധ ബുദ്ധിമുട്ടും ഉണ്ടാകാതിരിക്കാൻ ഇപ്പോൾ ട്രഷറി പ്രവർത്തിച്ചു വരുന്ന പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ ആവശ്യമായ നവീകരണ പ്രവൃത്തികൾ നടത്തുന്നതിലേക്ക് സമർപ്പിച്ചിരിക്കുന്ന 7,48,000/- രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതിയും ചെലവനുവാദവും നൽകണമെന്ന് പരാമർശം 1 ലെ കത്തുകൾ പ്രകാരം ട്രഷറി ഡയറക്ടർ അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കല്ലൂർക്കാട് സബ് ട്രഷറി പ്രവർത്തിച്ചു വരുന്ന പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ ആവശ്യമായ നവീകരണ പ്രവൃത്തികൾ നടത്തുന്നതിലേക്ക് കല്ലൂർക്കാട് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയിട്ടുള്ള 4,94,000/- രൂപയുടെ എസ്റ്റിമേറ്റും ഇലക്ട്രിക്കൽ ഉപ വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ലഭ്യമാക്കിയിട്ടുള്ള 2,54,000/- രൂപയുടെ എസ്റ്റിമേറ്റും അടക്കം മൊത്തം 7,48,000/- രൂപയുടെ (ഏഴ് ലക്ഷത്തി നാൽപ്പത്തിയെട്ടായിരം രൂപ മാത്രം) എസ്റ്റിമേറ്റിന് ഭരണാനുമതിയും ടി തുക നടപ്പ് സാമ്പത്തിക വർഷത്തെ ട്രഷറി വകുപ്പിന്റെ 2054-00-095-96-(പിവി) TIDP എന്ന ശീർഷകത്തിൽ നിന്ന് നിർവ്വഹിക്കുന്നതിനുള്ള ചെലവനുവാദവും നൽകി ഉത്തവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം )
**ഷൈജാറാണി.പി.പി**
**ഡെപ്യൂട്ടി സെക്രട്ടറി**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ(എ&ഇ/ഓഡിറ്റ് I) കേരള, തിരുവനന്തപുരം.
✓ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, മൂവാറ്റുപുഴ
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്.
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (E 1995590)

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ

DTO
ADTO
ATO
JS- A
JS - B
JS - C

1395

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - എസ്റ്റാബ്ലിഷ്മെന്റ് - ട്രഷറി വകുപ്പ് - കട്ടപ്പന സബ് ട്രഷറിയുടെ നവീകരണ പ്രവർത്തനം - പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ചിരിക്കുന്ന എസ്റ്റിമേറ്റിന് - ഭരണാനുമതിയും ചെലവനുവാദവും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -സി) വകുപ്പ്**

സ.ഉ.(സാധാ)നം. 5156/2021/ധന. തിരുവനന്തപുരം, തീയതി : 28/07/2021

പരാമർശം:- ട്രഷറി ഡയറക്ടറുടെ 10/05/2021-ലെ : TRY/2838/2020 -TIDF- II നമ്പർ കത്ത്.

**ഉത്തരവ്**

കട്ടപ്പന സബ്‌ട്രഷറിയുടെ സുഗമമായ പ്രവർത്തനത്തിനും ISO 27001 സർട്ടിഫിക്കേഷൻ നേടിയെടുക്കുന്നതിന്റെ ഭാഗമായും ട്രഷറിയിൽ നവീകരണ പ്രവർത്തനങ്ങൾ ആവശ്യമാണെന്നും ആയതിന്റെ ഭാഗമായി ക്യാബിനുകളുടെയും റെക്കാർഡ് റൂമിന്റെയും ഓഫീസറുടെ ക്യാബിന്റെയും നവീകരണ പ്രവർത്തനങ്ങൾക്കായി സമർപ്പിച്ചിരിക്കുന്ന 15,00,000/- (പതിനഞ്ച് ലക്ഷം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് പൊതുമരാമത്ത് വകുപ്പ് മുഖേന ഡെപ്പോസിറ്റ് പ്രവർത്തിയായി നിർവ്വഹിക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശം 1 ലെ കത്ത് പ്രകാരം ട്രഷറി ഡയറക്ടർ അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കട്ടപ്പന സബ് ട്രഷറിയുടെ സുഗമമായ പ്രവർത്തനത്തിനായുള്ള നവീകരണ പ്രവർത്തനങ്ങൾക്കായി ട്രഷറി ഡയറക്ടർ സമർപ്പിച്ചിരിക്കുന്ന 15,00,000/- (പതിനഞ്ച് ലക്ഷം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് പൊതുമരാമത്ത് വകുപ്പ് മുഖേന ഡെപ്പോസിറ്റ് പ്രവർത്തിയായി നിർവ്വഹിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിലേക്കുള്ള ചെലവ് നടപ്പ് സാമ്പത്തിക വർഷത്തെ 2054-00-095-96 TIDP (PV) എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

ഷൈജാറാണി. പി.പി

ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ് II) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, ഇടുക്കി.
സബ് ട്രഷറി ഓഫീസർ, കട്ടപ്പന.
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്.
നോഡൽ ഓഫീസർ, www.finance.kerala.gov.in
ധനകാര്യ എക്സ്പെൻഡിച്ചർ സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി 1779485

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

TRY/510/2020-TIDP-III

35632/2020/CRU TRY

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യവകുപ്പ്- എസ്റ്റാബ്ലിഷ്‌മെന്റ് - ട്രഷറിവകുപ്പ് - തളിപ്പറമ്പ സബ്‌ട്രഷറി കെട്ടിട നവീകണ പ്രവർത്തിക്കുള്ള പൊതുമരാമത്ത് വകുപ്പിൽ നിന്നുള്ള എസ്റ്റിമേറ്റിന് - ഭരണാനുമതിയും ചെലവനുവാദവും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

**ധനകാര്യ (എസ്റ്റാബ്ലിഷ്‌മെന്റ് -സി) വകുപ്പ്**

സ.ഉ.(സാധാ) നം.3495/2020/ധന. തിരുവനന്തപുരം, തീയതി. 10/06/2020

പരാമർശം:- ട്രഷറി ഡയറക്ടറുടെ 21/05/2020 ലെ TRY/510/2020-TIDP-III നമ്പർ കത്ത്.

**ഉത്തരവ്**

മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിച്ചുവരുന്ന തളിപ്പറമ്പ സബ്‌ട്രഷറിയിൽ പെൻഷൻകാർക്കും ഇടപാടുകാർക്കും അത്യാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ലാത്തതിനാൽ, ടി സബ്‌ട്രഷറി കെട്ടിടത്തിൽ വിശ്രമ സ്ഥലം, പുതിയ ശുചിമുറി, പുതിയ ക്യാഷ് കൗണ്ടർ എന്നിവ സ്ഥാപിക്കുന്നതിനും ട്രഷറിയിലെ നിലവിലെ പൊട്ടിയ തറയോട് മാറ്റി ടൈൽസ് പാകൽ, ഇലക്ട്രിഫിക്കേഷൻ, ഇലക്ട്രോണിക്സ് എന്നീ ജോലികൾ ചെയ്യുന്നതിനും തളിപ്പറമ്പ പൊതുമരാമത്ത് വകുപ്പ് കെട്ടിട സബ് വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ സമർപ്പിച്ച 17,00,000/- (പതിനേഴ് ലക്ഷം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതിയും ചെലവനുവാദവും നൽകണമെന്ന് പരാമർശത്തിലെ കത്തിലൂടെ ട്രഷറി ഡയറക്ടർ അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കണ്ണൂർ ജില്ലാ ട്രഷറിയുടെ പരിധിയിൽ വരുന്ന തളിപ്പറമ്പ സബ്‌ട്രഷറിയുടെ കെട്ടിട നവീകരണ പ്രവർത്തനങ്ങൾക്കായി തളിപ്പറമ്പ് പൊതുമരാമത്ത് വകുപ്പ് കെട്ടിട സബ് വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ സമർപ്പിച്ച 17,00,000/- രൂപയുടെ (പതിനേഴ് ലക്ഷം രൂപ മാത്രം) എസ്റ്റിമേറ്റിന് ഭരണാനുമതിയും ടി തുക നടപ്പ സാമ്പത്തിക വർഷത്തെ 2054-00-095-96(പിവി)(TIDP) എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനുള്ള ചെലവനുവാദവും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

**സുതൻ.ഡബ്ല്യൂ.ജെ**

**ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ) കേരള, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, കണ്ണൂർ

TRY/510/2020-TIDP-III

35632/2020/CRU TRY

സബ് ട്രഷറി ഓഫീസർ,    തളിപ്പറമ്പ
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്
നോഡൽ ഓഫീസർ , www.finance.kerala.gov.in
ധനകാര്യ എക്സ്പെൻഡിച്ചർ സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി- 1511203

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**File No.TRY/13653/2019-TIDP-III**

## ട്രഷറി ഡയറക്ടറുടെ നടപടിക്രമം

**തിരുവനന്തപുരം**

(ഹാജർ: A M JAFAR )

*വിഷയം:-* *ട്രഷറി വകുപ്പ്- അടിസ്ഥാന സൗകര്യ വികസനം-ഉഴവൂർ സബ് ട്രഷറിയുടെ സ്സീലിങ് നിർമ്മാണ പ്രവർത്തികൾക്കായി പൊതുമരാമത്ത് വകുപ്പിൽ നിന്നുള്ള എസ്റ്റിമേറ്റിന് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.*

*പരാമർശം :-*

1. *പാലാ ജില്ലാ ട്രഷറി ഓഫീസറുടെ 22/07/2021 ലെ എ 2/936/2020 നമ്പർ കത്ത്*
2. *ഈ ഓഫീസിലെ 10/01/2020 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്*
3. *സർക്കാർ ഉത്തരവ് (പി) നമ്പർ 102/2017/ധന തീയതി 07/08/20*

**ഉത്തരവ് നം.TRY/13653/2019-TIDP-III തീയതി.03/08/2021**

പാലാ ജില്ലാ ട്രഷറിയുടെ അധികാര പരിധിയിലുള്ള ഉഴവൂർ സബ് ട്രഷറിയുടെ ഇലക്ട്രിക്കൽ നവീകരണ പ്രവർത്തികൾ ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് തുകയായ ₹4,50,000/-(നാല് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) സൂചന(2) പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ട്രഷറിയുടെ ഉൾവശം ഉണ്ടായിരുന്ന ആസ്ബറ്റോസ് സിലിങ് പൂർണ്ണമായും തകർന്നിരിക്കുന്നതിനാൽ പ്രസ്തുത സ്സീലിങ് പൂർണ്ണമായും ഇളക്കി മാറ്റിയതിനു ശേഷം മാത്രമേ ഇലക്ട്രിക്കൽ പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ എന്ന് പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിരുന്നു. തുടർന്ന് പഴകിയ സീലിംഗ് മാറ്റി പുതുതായി സീലിംഗ് പ്രവൃത്തികൾ ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിന് ജില്ലാ ട്രഷറി ഓഫീസർ പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെടുകയും ട്രഷറി പൂർണ്ണമായും സ്സീലിങ് ചെയ്യുന്നതിന് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം (പാലാ) അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച 4 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ജില്ലാ ട്രഷറി ഓഫീസർ സൂചന (1) പ്രകാരം ഭരണാനുമതിക്കായും തുക നിക്ഷേപിക്കുന്നതിനായും സമർപ്പിച്ചിരിക്കുന്നു.

വകുപ്പ് പ്രസ്തുത എസ്റ്റിമേറ്റ് വിശദമായി പരിശോധിക്കുകയുണ്ടായി. പൊതുമരാമത്തു വകുപ്പ് പഴകിയ സീലിംഗ് മാറ്റി പുതിയ സീലിംഗ് സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് സമർപ്പിച്ച ശേഷം പ്രസ്തുത കെട്ടിടത്തിലെ പഴയ സീലിംഗ് ഭാഗികമായി തകർന്നു വീഴുകയുണ്ടായി . ഇടപാടുകാരുടെയും ജീവനക്കാരുടെയും സുരക്ഷ കണക്കിലെടുത്തു തകർന്നിരിക്കുന്ന സീലിംഗ് അടിയന്തിരമായി ഇളക്കി മാറ്റുവാൻ ഈ ഓഫീസിൽ നിന്നും നിർദ്ദേശം നൽകുകയുണ്ടായി. ആയതിനാൽ പൊതുമരാമത്തു വകുപ്പ് സമർപ്പിച്ച ₹ 4,0 0,000/രൂപയുടെ എസ്റ്റിമേറ്റിൽ നിന്നും സീരിയൽ നമ്പർ 1.001 പ്രകാരമുള്ള ₹3785/രൂപ (പഴയ സീലിംഗ് പൊളിച്ചു മാറ്റുന്നതിനുള്ള തുക) ഒഴിവാക്കിയുള്ള

**File No.TRY/13653/2019-TIDP-III**

₹3,96,215/രൂപ അനുവദിക്കാവുന്നതായി കണ്ടെത്തി. ഈ സാഹചര്യത്തിൽ ഉഴവൂർ സബ് ട്രഷറിയുടെ സ്റ്റീലിങ് നിർമ്മാണ പ്രവർത്തികൾക്കായി ₹ 3,96,215/രൂപ (മൂന്ന് ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി ഇരുനൂറ്റി പതിനഞ്ച് രൂപ മാത്രം) സൂചന(3)ന്റെ അധികാര പരിധിയിൽ നിന്നുകൊണ്ട് ഭരണാനുമതി നൽകി ചിലവ് അനുവദിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

എസ്റ്റിമേറ്റ് തുകയായ 3,96,215/-(മൂന്ന് ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി ഇരുനൂറ്റി പതിനഞ്ച് രൂപ മാത്രം)രൂപ 2054-00-095-96(പിവി) എന്ന ശീർഷകത്തിൽ നിന്നും തേർച്ച ചെയ്ത് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം (കോട്ടയം) എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ (0801-598-002) PWD Deposit 8443-00-108 എന്ന ശീർഷകത്തിൽ വരവ് വയ്ക്കുന്നതിന് ഈ ഓഫീസിലെ അസിസ്റ്റൻറ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു . തുക വരവ് വച്ചതിന്റെ ഒറിജിനൽ ചെലാൻ TIDP സെക്ഷനിൽ ലഭ്യമാക്കേണ്ടതാണ്.

പ്രസ്തുത നിർമ്മാണ പ്രവർത്തിയുടെ പുരോഗതി TIDP പ്രതിമാസ അവലോകന റിപ്പോർട്ടിൽ ഉൾപ്പെടുത്തി ജില്ലാ TIDP നോഡൽ ഓഫീസർ സമർപ്പിക്കേണ്ടതാണ്.

A M JAFAR
DIRECTOR

*പകർപ്പ്*

1. അക്കൗണ്ടൻറ് ജനറൽ (A&E), കേരള, തിരുവനന്തപുരം
2. ട്രഷറി ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
3. ജില്ലാ ട്രഷറി ഓഫീസർ, കോട്ടയം
4. സബ് ട്രഷറി ഓഫീസർ, ഉഴവൂർ
5. അസിസ്റ്റന്റ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം, പാലാ
6. *ബിൽ സെക്ഷൻ /കരുതൽ ഫയൽ*

*//ഉത്തരവിൻ പ്രകാരം//*

*//സീനിയർ സൂപ്രണ്ട്//*

70720/2021/CRO TRY
DIRECTORATE OF TREASURIES
03 DEC 2021
THIRUVANANTHAPURAM

TRY/435/2021-TIDP-III 57

DIRECTORATE OF TREASURIES
03 DEC 2021
THIRUVANANTHAPURAM

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - എസ്റ്റാബ്ലിഷ്മെന്റ് - ട്രഷറി വകുപ്പ് - കോട്ടയം സബ് ട്രഷറിയുടെ കൗണ്ടർ, ക്യാബിൻ, റാക്ക് എന്നിവയുടെ നവീകരണത്തിനായി ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേറ്റീവ് ലിമിറ്റഡ് (ARTCO) സമർപ്പിച്ചിരിക്കുന്ന എസ്റ്റിമേറ്റിന് - ഭരണാനുമതിയും ചെലവനുവാദവും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-സി) വകുപ്പ്**

സ.ഉ.(സാധാ)നം. 7834/2021/ധന. തിരുവനന്തപുരം, തീയതി : 03/12/2021

പരാമർശം:- 1. സാ.ഉ.(സാധാ).നം. 5796/2021/ധന തീയതി 03/09/2021.

2. ട്രഷറി ഡയറക്ടറുടെ 05/10/2021 തീയതിയിലെ TRY/435/2021-TIDP-III നമ്പർ കത്ത്.

3. സ.ഉ.(സാധാ)നം. 114/2021/ധന തീയതി 13/08/2021.

**ഉത്തരവ്**

കോട്ടയം സബ് ട്രഷറിയുടെ തകരാറിലായ കൗണ്ടർ, ക്യാബിൻ, റാക്ക് എന്നിവ നവീകരിക്കുന്നതിനായി DSoR 2016 പ്രകാരം ട്രഷറി ഡയറക്ടർ സമർപ്പിച്ചിരുന്ന 36,45,000/- രൂപയുടെ എസ്റ്റിമേറ്റിന് പരാമർശം 1 പ്രകാരം ഭരണാനുമതി പുറപ്പെടുവിച്ചിരുന്നു. പരാമർശം 3 പ്രകാരം DSoR 2018 നിലവിൽ വന്നിട്ടുള്ള സാഹചര്യത്തിൽ ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപറേറ്റീവ് ലിമിറ്റഡ് (ARTCO) സമർപ്പിച്ചിരിക്കുന്ന 38,22,000/- രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകണമെന്ന് പരാമർശം 2 ലെ കത്ത് പ്രകാരം ട്രഷറി ഡയറക്ടർ അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച കോട്ടയം സബ് ട്രഷറിയുടെ തകരാറിലായ കൗണ്ടർ, ക്യാബിൻ, റാക്ക് എന്നിവ നവീകരണത്തിനായി ARTCO സമർപ്പിച്ചിട്ടുള്ള 38,22,000/-(മുപ്പത്തിയെട്ട് ലക്ഷത്തി ഇരുപത്തി രണ്ടായിരം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതിയും ടി തുക നടപ്പ് സാമ്പത്തിക വർഷത്തെ 2054-00-095-96 (PV) TIDP എന്ന ശീർഷകത്തിൽ നിന്ന് നിർവ്വഹിക്കുന്നതിനുള്ള ചെലവനുവാദവും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പരാമർശം 1 ലെ ഉത്തരവ് ഇതിനാൽ റദ്ദാകുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

**ഷൈലജാറാണി. പി.പി**

**ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ് II) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, കോട്ടയം.
വെബ് & ന്യൂ മീഡിയ, പബ്ലിക്ക് റിലേഷൻസ് വകുപ്പ്.
നോഡൽ ഓഫീസർ, www.finance.kerala.gov.in
ധനകാര്യ എക്സ്പെൻഡിച്ചർ സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി 1848583

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**ട്രഷറി ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

(ഹാജർ: V SAJAN)

വിഷയം:- ട്രഷറി വകുപ്പ്-അടിസ്ഥാന സൗകര്യ വികസന പദ്ധതി- എറണാകുളം പെൻഷൻ പെയ്മെന്റ് സബ് ട്രഷറിയിലെ നെറ്റ്വർക്ക് കേബിളിങ് നവീകരിക്കുന്നത്-പൊതുമരാമത്ത് വകുപ്പിന്റെ എസ്റ്റിമേറ്റിന് അനുമതി നൽകി തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം :- 1. എറണാകുളം ജില്ലാ ട്രഷറി ഓഫീസറുടെ 18.12.2021 ലെ എ8/2928/2021 നം കത്ത്.

2. G.O. (P) No. 102/2017/FIN. Dated 07/08/2017 Item no. 16

**ഉത്തരവ് നം.TRY/25/2022-TIDP-IV തീയതി.13/01/2022**

എറണാകുളം ജില്ലാ ട്രഷറിയുടെ അധികാര പരിധിയിലുള്ള 7500-ൽ അധികം പെൻഷൻകാരും, നിരവധി സ്ഥിരനിക്ഷേപകരും മറ്റു ഇടപാടുകാരും വരുന്ന തിരക്കേറിയ ട്രഷറികളിൽ ഒന്നാണ് എറണാകുളം പെൻഷൻ പെയ്മെന്റ് സബ് ട്രഷറി. പ്രസ്തുത ട്രഷറിയിലെ നെറ്റ്വർക്ക് കേബിളിങ് കാലപ്പഴക്കം കാരണം തകരാറിലാണെന്നും ആയതുകാരണം സിസ്റ്റത്തിന്റെ പ്രവർത്തനം വളരെ മന്ദഗതിയിലാണെന്നും ഇതു ട്രഷറിയിലെ ദൈനംദിന പ്രവർത്തനങ്ങളെ മന്ദഗതിയിലാക്കുന്നതോടൊപ്പം മെഡിസെപ് പോലെയുള്ള ഡാറ്റ അപ് ഡേഷൻ വർക്കുകൾ സമയബന്ധിതമായി ചെയ്തു തീർക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടാക്കുന്നതായും സൂചന (1) പ്രകാരം എറണാകുളം ജില്ലാ ട്രഷറി ഓഫീസർ അറിയിച്ചിരിക്കുന്നു.

വകുപ്പ് പ്രസ്തുത എസ്റ്റിമേറ്റ് വിശദമായി പരിശോധിക്കുകയുണ്ടായി. എറണാകുളം പെൻഷൻ പെയ്മെന്റ് സബ് ട്രഷറിയുടെ സുഗമമായ പ്രവർത്തനത്തിനും വകുപ്പ് നേടിയെടുക്കാൻ ശ്രമിക്കുന്ന ISO 27001 പ്രവർത്തനങ്ങൾക്കും പ്രസ്തുത നവീകരണ പ്രവൃത്തികൾ നടത്തേണ്ടത് അനിവാര്യമാണെന്നു കണ്ടെത്തുകയുണ്ടായി. ഈ സാഹചര്യത്തിൽ തൃശ്ശൂർ പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിനു സൂചന (2) ഉത്തരവിന്റെ അധികാര പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഭരണാനുമതി നൽകി തുക അനുവദിച്ച് ഉത്തരവാകുന്നു. എസ്റ്റിമേറ്റ് തുകയായ 99,415/-രൂപ (തൊണ്ണൂറ്റി ഒൻപതിനായിരത്തി നാനൂറ്റി പതിനഞ്ചു രൂപ മാത്രം) 2054-00-095-96 (PV)

എന്ന ശീർഷകത്തിൽ നിന്നും തേർച്ച ചെയ്ത് തൃശ്ശൂർ പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഡിപ്പാർട്ടുമെന്റ് കോഡ് (1301-598-004), 8443-00-108-PWD Deposit എന്ന ശീർഷകത്തിൽ വരവ് വയ്ക്കുന്നതിനു ഈ ഓഫീസിലെ അസിസ്റ്റന്റ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു. തുക വരവു വച്ചതിന്റെ അസ്സൽ ചലാൻ TIDP സെക്ഷനിൽ ലഭ്യമാക്കേണ്ടതാണ്.

നവീകരണ പ്രവൃത്തികൾ അടിയന്തിരമായി ആരംഭിക്കുന്നതിനും, സമയബന്ധിതമായി തീർക്കുന്നതിനാവശ്യമായ ഇടപെടലുകൾ ജില്ലാ ട്രഷറി ഓഫീസർ, സബ് ട്രഷറി ഓഫീസർ, TIDP നോഡൽ ഓഫീസർ എന്നിവരുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്. പ്രസ്തുത പ്രവൃത്തിയുടെ പുരോഗതി പ്രതിമാസ അവലോകന റിപ്പോർട്ടിൽ ഉൾപ്പെടുത്തി യഥാസമയം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

ഉള്ളടക്കം: എസ്റ്റിമേറ്റ്

V SAJAN
JOINT DIRECTOR 1, DIRECTOR(I/C)

പകർപ്പ്:

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
2. ജില്ലാ ട്രഷറി ഓഫീസർ, എറണാകുളം
3. പെൻഷൻ പെയ്മെന്റ് സബ് ട്രഷറി ഓഫീസർ, എറണാകുളം
4. ബിൽ സെക്ഷൻ/കരുതൽ ഫയൽ

*//ഉത്തരവിൻ പ്രകാരം//*

*//സൂപ്രണ്ട്//*

ട്രഷറി ഡയറക്ടറുടെ നടപടിക്രമം

തിരുവനന്തപുരം

(ഹാജർ: V SAJAN )

*വിഷയം:-* *ട്രഷറി വകുപ്പ്-അടിസ്ഥാന സൗകര്യ വികസന പദ്ധതി- എറണാകുളം പെൻഷൻ പെയ്മെന്റ് സബ് ട്രഷറിയിലെ പഴക്കം ചെന്ന ഇലക്ട്രിക്കൽ വയറിങ്ങും, അനുബന്ധ ഉപകരണങ്ങളും മാറ്റുന്നത്-പൊതുമരാമത്ത് വകുപ്പിന്റെ എസ്റ്റിമേറ്റിന് അനുമതി നൽകി തുക അനുവദിച്ച് ഉത്തരവാകുന്നു.*

പരാമർശം :- 1. എറണാകുളം ജില്ലാ ട്രഷറി ഓഫീസറുടെ 18.12.2021 ലെ എ8/2928/2021 നം കത്ത്.

2. G.O. (P) No. 102/2017/FIN. Dated 07/08/2017 Item no. 16

**ഉത്തരവ് നം.TRY/25/2022-TIDP-IV തീയതി.13/01/2022**

എറണാകുളം ജില്ലാ ട്രഷറിയുടെ അധികാര പരിധിയിലുള്ള 7500-ൽ അധികം പെൻഷൻകാരും, നിരവധി സ്ഥിരനിക്ഷേപകരും, മറ്റു ഇടപാടുകാരും വരുന്ന തിരക്കേറിയ ട്രഷറികളിൽ ഒന്നാണ് എറണാകുളം പെൻഷൻ പെയ്മെന്റ് സബ് ട്രഷറി. പ്രസ്തുത ട്രഷറിയിൽ ഇലക്ട്രിക്കൽ വയറിങ്ങും സ്വിച്ച്ബോർഡ് ഉൾപ്പെടെ അനുബന്ധ ഉപകരണങ്ങളും കാലപ്പഴക്കം കാരണം കൂടെക്കൂടെ തകരാറിലാവുകയാണെന്നും ചെറിയ റിപ്പയറിങ് നടത്തി മുന്നോട്ടു പോകുവാൻ പറ്റാത്ത സാഹചര്യമാണുള്ളതെന്നും സൂചന പ്രകാരം എറണാകുളം ജില്ലാ ട്രഷറി ഓഫീസർ അറിയിച്ചിരിക്കുന്നു. യു.പി.എസ്സും, ഡി.ബി-യും സ്ഥാപിച്ചിരിക്കുന്ന സ്ഥലത്തു ഭിത്തിയിൽ നനവുള്ളതിനാലും നന്നായി എർത്തിങ് ഇല്ലാത്തതിനാലും യു.പി.എസ്-ലേക്കു കണക്ഷൻ കൊടുക്കുവാൻ കഴിയുന്നില്ലായെന്നും, കെ.എസ്.ഇ.ബി-യുടെ നേരിട്ടുള്ള പവർ സപ്ലൈ വഴിയാണ് നിലവിൽ കമ്പ്യൂട്ടറുകൾ പ്രവർത്തിക്കുന്നതെന്നും ആയതിനാൽ വൈദ്യുതി നിലക്കുമ്പോൾ ഓഫീസിന്റെ പ്രവർത്തനം പൂർണ്ണമായും നിലച്ചു പോകുന്നതായും ഇതു പ്രായമായ ഇടപാടുകാർക്ക് വളരെയധികം ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായും അറിയിച്ചിരിക്കുന്നു. അതോടൊപ്പം ട്രഷറിയിൽ ജനറേറ്റർ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഓഫീസിൽ ത്രീഫേസ് കണക്ഷൻ നിലവിലില്ലാത്തതിനാൽ ആയതു പ്രവർത്തിപ്പിക്കുവാൻ കഴിയുന്നില്ലായെന്നും സൂചന (1) പ്രകാരം എറണാകുളം ജില്ലാ ട്രഷറി ഓഫീസർ അറിയിച്ചിരിക്കുന്നു.

പ്രസ്തുത എസ്റ്റിമേറ്റ് വകുപ്പ് വിശദമായി പരിശോധിക്കുകയുണ്ടായി.

എറണാകുളം പെൻഷൻ പെയ്മെന്റ് സബ് ട്രഷറിയുടെ സുഗമമായ പ്രവർത്തനത്തിനും വകുപ്പ് നേടിയെടുക്കാൻ ശ്രമിക്കുന്ന ISO 27001 പ്രവർത്തനങ്ങൾക്കും പ്രസ്തുത നവീകരണ പ്രവൃത്തികൾ നടത്തേണ്ടത് അനിവാര്യമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ പൊതുമരാമത്തു വകുപ്പ് ഇലക്ട്രിക്കൽ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിനു സൂചന (2) അധികാര പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഭരണാനുമതി നൽകി തുക അനുവദിച്ച് ഉത്തരവാകുന്നു. എസ്റ്റിമേറ്റ് തുകയായ 2,41,553/-രൂപ (രണ്ടു ലക്ഷത്തി നാൽപ്പത്തി ഒന്നായിരത്തി അഞ്ഞൂറ്റി അമ്പത്തിമൂന്നു രൂപ മാത്രം) 2054-00-095-96 (PV) എന്ന ശീർഷകത്തിൽ നിന്നും തേർച്ച ചെയ്തു തൃശ്ശൂർ പൊതുമരാമത്തു വകുപ്പ് ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഡിപ്പാർട്ടുമെന്റ് കോഡ് (1301-598-006), 8443-00-108-PWD Deposit എന്ന ശീർഷകത്തിൽ വരവ് വയ്ക്കുന്നതിന് ഈ ഓഫീസിലെ അസിസ്റ്റന്റ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു. തുക വരവ് വച്ചതിന്റെ അസ്സൽ ചലാൻ TIDP സെക്ഷനിൽ ലഭ്യമാക്കേണ്ടതാണ്.

നവീകരണ പ്രവൃത്തികൾ അടിയന്തിരമായി ആരംഭിക്കുന്നതിനും, സമയബന്ധിതമായി തീർക്കുന്നതിനാവശ്യമായ ഇടപെടലുകൾ ജില്ലാ ട്രഷറി ഓഫീസർ, സബ് ട്രഷറി ഓഫീസർ, TIDP നോഡൽ ഓഫീസർ എന്നിവരുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്. പ്രസ്തുത പ്രവൃത്തിയുടെ പുരോഗതി പ്രതിമാസ അവലോകന റിപ്പോർട്ടിൽ ഉൾപ്പെടുത്തി യഥാസമയം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

ഉള്ളടക്കം: എസ്റ്റിമേറ്റ്

V SAJAN
JOINT DIRECTOR 1, DIRECTOR(I/C)

*പകർപ്പ്*

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
2. ജില്ലാ ട്രഷറി ഓഫീസർ, എറണാകുളം
3. പെൻഷൻ പെയ്മെന്റ് സബ് ട്രഷറി ഓഫീസർ, എറണാകുളം
4. *ബിൽ സെക്ഷൻ/കരുതൽ ഫയൽ*

*//ഉത്തരവിൻ പ്രകാരം//*

*//സൂപ്രണ്ട്//*

**ട്രഷറി ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

(ഹാജർ: A M JAFAR)

*വിഷയം:-* *ട്രഷറി വകുപ്പ്-അടിസ്ഥാന സൗകര്യ വികസനം -മുളന്തുരുത്തി സബ് ട്രഷറി പുതിയ കെട്ടിടത്തിലേക്ക് വാട്ടർ കണക്ഷൻ മാറ്റുന്നത്-തുക അനുവദിച്ച് ഉത്തരവാകുന്നു.*

*പരാമർശം :-*

1. *സ.ഉ.(സാധാ) നം. 5916/2021/ധന ഉത്തരവ് തിയതി 09.09.2021*
2. *ഈ ഓഫീസിൽനിന്നുള്ള 16/10/2021 ലെ TRY/1625/2020-TIDP-IV നം ഉത്തരവ്.*
3. *എറണാകുളം ജില്ലാ ട്രഷറി ഓഫീസറുടെ 14/09/2021 തീയതിയിലെ A3/2254/2018 നം കത്ത്.*

**ഉത്തരവ് നം. TRY/1625/2020-TIDP-IV തീയതി.13/12/2021**

മുളന്തുരുത്തി സബ് ട്രഷറിയുടെ പ്രവർത്തനം പുതിയതായി നിർമ്മിച്ച കെട്ടിടത്തിലേക്ക് മാറ്റുന്നതിന് സൂചന (1) പ്രകാരം സർക്കാരിൽ നിന്നും ഭരണാനുമതി ലഭ്യമാക്കി ഈ ഓഫീസിൽ നിന്നും സൂചന (2) പ്രകാരം അനുമതി നൽകിയിട്ടുള്ളതാണ്. പുതുതായി നിർമ്മാണം പൂർത്തിയായ കെട്ടിടത്തിലേക്ക് നിലവിലെ കെട്ടിടത്തിൽ നിന്നും വാട്ടർ കണക്ഷൻ മാറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിക്കുകയും, 3 സ്ഥാപനങ്ങൾ സമർപ്പിച്ച ക്വട്ടേഷനുകളിൽ നിന്നും പ്ലംബിങ് അനുബന്ധ സാധനങ്ങൾക്കായി ഏറ്റവും കുറഞ്ഞ തുകയായ 19,350/- (പത്തൊൻപതിനായിരത്തി മുന്നൂറ്റി അമ്പതു രൂപ മാത്രം ) രൂപയുടെ ക്വട്ടേഷൻ സമർപ്പിച്ച Sunrise Paints and Hardware എന്ന സ്ഥാപനത്തിന്റേയും ലേബർ ചാർജ്ജായി ഏറ്റവും കുറഞ്ഞ തുകയായ 3,500/- (മൂവായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപയുടെ ക്വട്ടേഷൻ സമർപ്പിച്ചിട്ടുള്ള Appoze light & sound എന്ന സ്ഥാപനത്തിന്റേയും അടക്കം മൊത്തം 22,850/- (ഇരുപത്തിരണ്ടായിരത്തി എണ്ണൂറ്റി അമ്പതു രൂപ മാത്രം) രൂപയുടെ ക്വട്ടേഷൻ എറണാകുളം ജില്ലാ ട്രഷറി ഓഫീസർ ശുപാർശ ചെയ്ത് സൂചന (3) പ്രകാരം ഭരണാനുമതിക്കും തുക നിക്ഷേപിക്കുന്നതിനുമായി സമർപ്പിച്ചിരിക്കുകയാണ്.

വകുപ്പ് പ്രസ്തുത ക്വട്ടേഷനുകൾ വിശദമായി പരിശോധിച്ചു. പുതിയ കെട്ടിടത്തിലേക്ക് വാട്ടർ കണക്ഷൻ മാറ്റുന്നത് അനിവാര്യമായതിനാൽ ടി പ്രവർത്തനത്തിനായി 22,850/- (ഇരുപത്തിരണ്ടായിരത്തി എണ്ണൂറ്റി അമ്പതു രൂപ മാത്രം) രൂപയുടെ ക്വട്ടേഷനുകൾക്ക് ഭരണാനുമതി നൽകി തുക അനുവദിച്ചു ഉത്തരവാകുന്നു . പ്രസ്തുത തുക 2054-00-097-98-05-04 (01) എന്ന ശീർഷകത്തിൽ നിന്നും തേർച്ച ചെയ്തു ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത് നൽകുന്നതിന് മുളന്തുരുത്തി സബ് ട്രഷറി ഓഫീസർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

മേൽ പ്രവർത്തിയുടെ പുരോഗതി യഥാസമയം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

A M JAFAR
DIRECTOR

*പകർപ്പ്*

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
2. ജില്ലാ ട്രഷറി ഓഫിസർ, എറണാകുളം
3. സബ് ട്രഷറി ഓഫിസർ, മുളന്തുരുത്തി
4. *എ സെക്ഷൻ/കരുതൽ ഫയൽ*

*//ഉത്തരവിൻ പ്രകാരം//*

*//സീനിയർ സൂപ്രണ്ട്//*

GOVERNMENT OF KERALA

Abstract

Finance Department – Implementing KSWAN Connection at District Treasury Kozhikode & Pension Payment Sub Treasury, Kozhikode – Administrative Sanction - Accorded - Orders issued.

FINANCE (STREAMLINING) DEPARTMENT

G.O(Rt) No. 2070/2022/FIN Dated, Thiruvananthapuram, 08.04.2022

Read :- 1.Letter No. TRY/514/2021-ISMC C (A4) dated 15.11.2021 from Director of Treasuries.

2.Letter No. KSWAN/14/2020-KSITM, Dated 25.10.2021 from KSITM.

ORDER

As per the letter read 1st paper above, the Director of Treasuries has informed that the KSWAN connection in District Treasury, and Pension Payment Sub Treasury located at Civil Station, Kozhikode has not been available for a very long time and this non availability of the connectivity is severely affecting the service delivery of these treasuries especially during the pension and salary disbursement periods. At present these treasuries are working in the BSNL 2 Mbps VPNoBB connections which were very slow and insufficient to cater to the needs of treasury transactions. As per the recommendation of Kerala State IT Mission vide letter read 2nd paper above, the Director of Treasuries has forwarded the proposal for changing the mode of connectivity to OFC LAN for an amount of Rs. 2,92,822/- including GST from PWD Electronics.

2. Government have examined the matter in detail and are pleased to accord Administrative Sanction for changing the mode of connectivity to OFC LAN in District Treasury, and Pension Payment Sub Treasury, Kozhikode at an estimate cost of Rs. 2,92,822/- (Rupees Two Lakh Ninety Two Thousand Eight Hundred Twenty Two only) including GST through PWD Electronics Department by meeting the expenditure under the head of account "2054-00-095-96 (PV)".

(By order of the Governor)

SURESH KUMAR O.B.,
JOINT SECRETARY(FINANCE)

**ട്രഷറി ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

(ഹാജർ: A M JAFAR)

*വിഷയം:-* *ട്രഷറി വകുപ്പ്-അടിസ്ഥാന സൗകര്യ വികസനം-കോഴിക്കോട് പുതിയറ സബ് ട്രഷറി കെട്ടിടത്തിലെ ഇലക്ട്രിക്കൽ വയറിങ് നവീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തുക-PWD വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്ത് ഉത്തരവാകുന്നു.*

*പരാമർശം :-*
1. *സർക്കാർ ഉത്തരവ് (സാധാ) നമ്പർ 10174/2019/ധന തീയതി 26/12/2019*
2. *സർക്കാർ ഉത്തരവ് (പി) നമ്പർ 102/2017/ധന തീയതി 07/08/ 2017*
3. *ഈ ഓഫീസിലെ 25/01/2020 ലെ ഇതേ നമ്പർ ഉത്തരവ്*
4. *കോഴിക്കോട് ജില്ലാ ട്രഷറി ഓഫീസറുടെ 02/03/2021 ലെ എ 5/22/2019 നമ്പർ കത്ത്*

**ഉത്തരവ് നം.TRY/11497/2019-A5 തീയതി.22/06/2021**

കോഴിക്കോട് ജില്ലാ ട്രഷറിയുടെ അധികാര പരിധിയിലുള്ള കോഴിക്കോട് (പുതിയറ) സബ് ട്രഷറിയുടെ അറ്റകുറ്റ പണികൾക്കും , കൗണ്ടർ നിർമ്മാണത്തിനുമായി പൊതുമരാമത്ത് വകുപ്പ് (ഫാറൂഖ്) കെട്ടിട വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച ₹15,00,000/-രൂപയുടെ എസ്റ്റിമേറ്റും , ട്രഷറിയുടെ പുന :വയറിങ്, നെറ്റ് വർക്ക് എന്നിവയ്ക്കുമായി പൊതുമരാമത്ത് വകുപ്പ് (കോഴിക്കോട്) ഇലക്ട്രോണിക്സ് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച ₹ 1,18,547/-(ഒരു ലക്ഷത്തി പതിനെട്ടായിരത്തി അഞ്ഞൂറ്റി നാല്പത്തിയേഴ് രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റും സൂചന (1) പ്രകാരം സർക്കാർ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും സൂചന (3) പ്രകാരം ഈ ഓഫീസിൽ നിന്നും അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത പ്രവർത്തികൾ പൂർത്തിയായിക്കൊണ്ടിരിക്കുകയാണെന്നും ട്രഷറിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ ഇലക്ട്രിക്കൽ പ്രവൃത്തികൾ അടിയന്തിരമായി സജ്ജീകരിക്കേണ്ടതായും കാണുന്നു. ആയതിലേക്ക് ഇലക്ട്രിക്കൽ വയറിങ്, എൽഇഡി ലൈറ്റ്, ഫാൻ എന്നിവ സ്ഥാപിക്കുന്നതിനായി പൊതുമാരാമത്തു വകുപ്പ് കോഴിക്കോട് ഇലക്ട്രിക്കൽ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ച ₹3,22,000/-ടെ എസ്റ്റിമേറ്റ് സൂചന (4) പ്രകാരം ജില്ലാ ട്രഷറി ഓഫീസർ ശിപാർശ ചെയ്തു ലഭ്യമാക്കിയിട്ടുണ്ട്. സബ് ട്രഷറിയുടെ സുഗമമായ പ്രവർത്തനങ്ങൾക്കായി അത്യാവശ്യ പ്രവർത്തികൾ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് ജില്ലാ ട്രഷറി ഓഫീസർ അറിയിച്ചിരിക്കുന്നു. വകുപ്പ് ഈ വിഷയം വിശദമായി പരിശോധിച്ചതിൽ ട്രഷറിയുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് പ്രസ്തുത പ്രവർത്തികൾ അത്യന്താപേക്ഷിതമായി കാണപ്പെട്ടു.

File No.TRY/11497/2019-A5

I/10010/2021

മേൽ സാഹചര്യത്തിൽ കോഴിക്കോട് (പുതിയറ) സബ് ട്രഷറിയുടെ ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് പൊതുമരാമത്ത് വകുപ്പ് മുഖേന സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റ് സൂചന (2) ന്റെ അധികാര പരിധിയിൽ നിന്നുകൊണ്ട് ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു. എസ്റ്റിമേറ്റ് തുകയായ₹3,22,000/-(മൂന്ന് ലക്ഷത്തി ഇരുപത്തി രണ്ടായിരം രൂപ മാത്രം)-യും 2054-00-095-96 (PV) എന്ന ശീർഷകത്തിൽ നിന്നും തേർച്ച ചെയ്ത് പൊതുമരാമത്ത് വകുപ്പ് (കോഴിക്കോട്) ഇലക്ട്രിക്കൽ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ DDO code 1601-593-014-ൽ (8443-00-108 (PWD Deposit)) വരവ് വെയ്ക്കുന്നതിന് ഈ ഓഫീസിലെ അസിസ്റ്റൻറ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു. തുക വരവ് വച്ചതിന് ശേഷം അവയുടെ ഒറിജിനൽ ചെലാൻ TIDP സെക്ഷനിൽ ലഭ്യമാക്കേണ്ടതാണ്.

ഭാവിയിൽ നിർമ്മാണ പ്രവർത്തിയുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റുകൾ സമർപ്പിക്കുമ്പോൾ ആവശ്യമായ എല്ലാ പ്രവർത്തികളും ഒറ്റ എസ്റ്റിമേറ്റ് ആയി സമർപ്പിക്കുവാൻ ആവശ്യമായ ശ്രദ്ധ ജില്ലാ ട്രഷറി ഓഫീസറുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്.

പ്രസ്തുത നിർമ്മാണപ്രവർത്തിയുടെ പുരോഗതി TIDP പ്രതിമാസ അവലോകന റിപ്പോർട്ടിൽ ഉൾപ്പെടുത്തി ജില്ലാ ട്രഷറി ഓഫീസർ സമർപ്പിക്കേണ്ടതാണ്.

A M JAFAR
DIRECTOR

*പകർപ്പ്*

1. അക്കൗണ്ടൻറ് ജനറൽ (A&E), കേരള, തിരുവനന്തപുരം
2. ട്രഷറി ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
3. ജില്ലാ ട്രഷറി ഓഫീസർ, കോഴിക്കോട്
4. സബ് ട്രഷറി ഓഫീസർ, പുതിയറ കോഴിക്കോട്
5. ജില്ലാ TIDP നോഡൽ ഓഫീസർ
6. പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ, കോഴിക്കോട്
7. *ബിൽ സെക്ഷൻ /കരുതൽ ഫയൽ*

*//ഉത്തരവിൻ പ്രകാരം//*

*//സീനിയർ സൂപ്രണ്ട്//*

40

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് - എസ്റ്റാബ്ലിഷ്മെന്റ് - ട്രഷറി വകുപ്പ് - കൊടുങ്ങല്ലൂർ സബ് ട്രഷറിയുടെ നവീകരണത്തിനായി പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിന്- ഭരണാനുമതിയും ചെലവനുവാദവും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -സി) വകുപ്പ്**

സ.ഉ.(സാധാ)നം.3081/2022/ധന. തിരുവനന്തപുരം, തീയതി : 20/04/2022

പരാമർശം:- 1. ട്രഷറി ഡയറക്ടറുടെ 06/04/2022 തീയതിയിലെ TRY/215/2022-TIDP-IV നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കൊടുങ്ങല്ലൂർ സബ് ട്രഷറിയുടെ നവീകരണത്തിനായി പൊതുമരാമത്ത് കെട്ടിട വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ള 24,09,494/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി നൽകണമെന്നും കൊടുങ്ങല്ലൂർ സബ് ട്രഷറിയുടെ സുഗമമായ പ്രവർത്തനത്തിനും, വകുപ്പ് നേടിയെടുക്കാൻ ശ്രമിക്കുന്ന ISO 27001 പ്രവർത്തനങ്ങൾക്കും മേൽ പ്രവർത്തികൾ അനിവാര്യമാണെന്നും സൂചന പ്രകാരം ട്രഷറി ഡയറക്ടർ അപേക്ഷിച്ചിരിക്കുന്നു

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കൊടുങ്ങല്ലൂർ സബ് ട്രഷറിയുടെ സുഗമമായ പ്രവർത്തനത്തിന് പൊതുമരാമത്തു വകുപ്പ് സമർപ്പിച്ചിട്ടുള്ള 24,09,494/-രൂപയുടെ (ഇരുപത്തിനാല് ലക്ഷത്തി ഒൻപതിനായിരത്തി നാനൂറ്റി തൊണ്ണൂറ്റി നാല് രൂപ മാത്രം)എസ്റ്റിമേറ്റിന് ഭരണാനുമതിയും 2054-00-095-96(PV) ശീർഷകത്തിൽ ചെലവനുവാദവും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം )

**ഷൈജാറാണി.പി.പി**

**ഡെപ്യൂട്ടി സെക്രട്ടറി**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ(എ&ഇ/ഓഡിറ്റ് II) കേരള, തിരുവനന്തപുരം.

✓ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ ട്രഷറി ഓഫീസർ, ഇരിഞ്ഞാലക്കട

80983/2022/CRU TRY

സബ്ട്രഷറി ഓഫീസർ, കൊടുങ്ങല്ലൂർ
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്.
നോഡൽ ഓഫീസർ, www.finance.kerala.gov.in.
ധനകാര്യ എക്സ്പെൻഡിച്ചർ സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി ( 2025988)

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ

ട്രഷറി ഡയറക്ടറുടെ നടപടിക്രമം

തിരുവനന്തപുരം

(ഹാജർ: JAFAR.A.M)

*വിഷയം:-* *ട്രഷറി വകുപ്പ്-അടിസ്ഥാന സൗകര്യ വികസന പദ്ധതി- നെയ്യാറ്റിൻകര സബ് ട്രഷറി നവീകരണ പ്രവർത്തനങ്ങൾക്കു പൊതുമരാമത്തു വകുപ്പിൽ നിന്നുള്ള എസ്റ്റിമേറ്റ് തുക-അംഗീകരിച്ചു അനുവദിച്ചു ഉത്തരവാകുന്നു.*

*പരാമർശം :-*

1. *11.11.2021 ലെ കാട്ടാക്കട ജില്ലാ ട്രഷറി ഓഫീസറുടെ എ 3 /1158/2021 നമ്പർ കത്ത്*
2. *പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം, നെയ്യാറ്റിൻകര, അസ്സിസ്റ്റന്റ് എഞ്ചിനീയറുടെ 9.11.2021 ലെ PWD/BLDG/EST/101361 നം എസ്റ്റിമേറ്റ്.*
3. *സർക്കാർ ഉത്തരവ് (പി) നം.102/2017/ധന, തിയ്യതി 07.08.2017*

ഉത്തരവ് നം.TRY/12284/2019-A1 തീയതി.26.11.2021

കാട്ടാക്കട റൂറൽ ജില്ലാ ട്രഷറിയുടെ അധികാര പരിധിയിലുള്ള നെയ്യാറ്റിൻകര സബ് ട്രഷറി പരിസരത്ത് മഴ സമയത്ത് വെള്ളം കെട്ടി നിൽക്കുന്നത് ഒഴിവാക്കുവാനായി ട്രഷറി മുറ്റം ഇന്റർലോക്ക് ചെയ്യുന്നതിനും മഴവെള്ളം ഓടയിലേക്ക് ഒഴിക്കി വിടുന്നതിനുള്ള സംവിധാനം ഒരുക്കുന്നതിനും പാഴ്മരങ്ങൾ നീക്കം ചെയ്യുന്നതിനും ജീവനക്കാരുടെ വാഹനങ്ങൾ പാർക്ക ചെയ്യുന്നതിനുമായി ഒരു ഷെഡ്ഡ് പണിയുന്നതിനുമായി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം, നെയ്യാറ്റിൻകര അസ്സിസ്റ്റന്റ് എഞ്ചിനീയർ സൂചന (2) പ്രകാരം സമർപ്പിച്ചിട്ടുള്ള 7,00,000/- (ഏഴ് ലക്ഷം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് സൂചന (1) പ്രകാരം അംഗീകാരത്തിനായി ജില്ലാ ട്രഷറി ഓഫീസർ ശുപാർശ ചെയ്തു ഭരണാനുമതിക്കും ചെലവനുവാദത്തിനുമായി സമർപ്പിച്ചിരിക്കുന്നു.

വകുപ്പ് ഈ വിഷയം പരിശോധിച്ചതിൽ ട്രഷറിയുടെ സുഗമമായ പ്രവർത്തനത്തിന് പ്രസ്തുത വർക്കുകൾ അത്യന്താപേക്ഷിതമാണെന്ന് കണ്ടെത്തുകയുണ്ടായി. മേൽ സാഹചര്യത്തിൽ നെയ്യാറ്റിൻകര സബ് ട്രഷറി കെട്ടിടത്തിലെ നവീകരണ വർക്കുകൾക്കായി പൊതുമരാമത്തു വകുപ്പ് മുഖേന ഡെപ്പോസിറ്റ് വർക്കായി സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിന് സൂചന (3) ന്റെ അധികാര പരിധിയിൽ നിന്നുകൊണ്ട് ഭരണാനുമതി നൽകി ചെലവനുവദിച്ചു ഇതിനാൽ ഉത്തരവാകുന്നു. എസ്റ്റിമേറ്റ് തുകയായ 7,00,000/- (ഏഴ് ലക്ഷം രൂപ മാത്രം) രൂപ 2054-00-095-96 (വി പി) എന്ന ശീർഷകത്തിൽ നിന്നും തേർച്ച ചെയ്തു പൊതുമരാമത്തു വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കെട്ടിട വിഭാഗം) തിരുവനന്തപുരം (DDO Code 0101-598-010), 8443-00-108-PWD Deposit എന്ന ശീർഷകത്തിൽ വരവ് വയ്ക്കുന്നതിന് ഈ ഓഫീസിലെ അസ്സിസ്റ്റന്റ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു. തുക വരവ് വച്ചതിന്റെ അസ്സൽ ചലാൻ TIDP സെക്ഷനിൽ ലഭ്യമാക്കേണ്ടതാണ്.

നവീകരണ പ്രവർത്തികൾ അടിയന്തിരമായി ആരംഭിക്കുന്നതിനും, സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ആവശ്യമായ ഇടപെടലുകൾ ജില്ലാ ട്രഷറി ഓഫീസർ, സബ് ട്രഷറി ഓഫീസർ, ജില്ലാ TIDP നോഡൽ ഓഫീസർ എന്നിവരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്. പ്രസ്തുത പ്രവർത്തിയുടെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ പ്രതിമാസ അവലോകന റിപ്പോർട്ടിൽ ഉൾപ്പെടുത്തി TIDP സെക്ഷനിൽ യഥാസമയം അറിയിക്കേണ്ടതാണ്.

File No.TRY/12284/2019-A1

I/13139/2021

JAFAR A.M
DIRECTOR OF TREASURIES

*പകർപ്പ്*

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം.
2. അസ്സിസ്റ്റന്റ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം, നെയ്യാറ്റിൻകര
3. ജില്ലാ ട്രഷറി ഓഫീസർ, കാട്ടാക്കട.
4. സബ് ട്രഷറി ഓഫീസർ, നെയ്യാറ്റിൻകര.
5. *ബിൽ സെക്ഷൻ/കരുതൽ ഫയൽ*

*//ഉത്തരവിൻ പ്രകാരം//*

*//സീനിയർ സൂപ്രണ്ട്//*

78194/2022/CRU TRY 22 MAR 2022

TRY/11987/2019-A1

കേരള സർക്കാർ

**സംഗ്രഹം**

ധനകാര്യ വകുപ്പ് - എസ്റ്റാബ്ലിഷ്മെന്റ് - ട്രഷറി വകുപ്പ് - വെള്ളനാട് സബ് ട്രഷറിയ്ക്ക് പുതിയതായി നിർമ്മിക്കുന്ന കെട്ടിടത്തിൽ നിർമ്മാണ പ്രവൃത്തനങ്ങൾ നടത്തുന്നതിനായി പൊതുമരാമത്ത് വകുപ്പിൽ നിന്നുള്ള എസ്റ്റിമേറ്റിന് - ഭരണാനുമതിയും ചെലവനുവാദവും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -സി) വകുപ്പ്**

സ.ഉ.(സാധാ)നം. 1911/2022/ധന. തിരുവനന്തപുരം, തീയതി : 16/03/2022

പരാമർശം:- 1. സ.ഉ.(സാധാ)നം.8487/2019/ധന തീയതി 28/10/2019.
2. ട്രഷറി ഡയറക്ടറുടെ 09/02/2022 തീയതിയിലെ TRY/11987/2019-A1 നമ്പർ കത്ത്.

**ഉത്തരവ്**

വെള്ളനാട് സബ് ട്രഷറിയ്ക്ക് പുതിയതായി നിർമ്മിക്കുന്ന കെട്ടിടത്തിൽ നിർമ്മാണ പ്രവൃത്തനങ്ങൾ നടത്തുന്നതിനായി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം (തിരുവനന്തപുരം) എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ചിരിക്കുന്ന 20,52,000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി നൽകണമെന്ന് സൂചന 2 ലെ കത്ത് പ്രകാരം ട്രഷറി ഡയറക്ടർ അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും വെള്ളനാട് സബ് ട്രഷറിയ്ക്ക് പുതിയതായി നിർമ്മിക്കുന്ന കെട്ടിടത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം (തിരുവനന്തപുരം) എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ചിരിക്കുന്ന 20,52,000/- (ഇരുപത് ലക്ഷത്തി അൻപത്തിരണ്ടായിരം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റിന് ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഭരണാനുമതിയും ടി തുക 2054-00-095-96 (പി.വി) എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനുള്ള അനുവാദവും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഇതിനകം നടപ്പാക്കിയ ഇനങ്ങളുടെ ഡ്യൂപ്ലിക്കേഷൻ എസ്റ്റിമേറ്റിൽ വരുന്നില്ലെന്നു ചീഫ് എൻജിനീയർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.
2. ടെക്നിക്കൽ സാങ്ഷൻ അതോറിറ്റി ഓരോ ഇനത്തിന്റെയും അളവിന്റെയും കൃത്യതയും പര്യാപ്തതയും ഉറപ്പ് വരുത്തുകയും ഒബ്സർവേഡ് ഡേറ്റ ഇനങ്ങളുടെ നിരക്കുകളുടെ കാര്യത്തിൽ DSR അല്ലാത്ത ഇനങ്ങൾക്ക് മാത്രം മാർക്കറ്റ് നിരക്കുകൾ സ്വീകരിക്കുന്നെന്നു ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

**ഹെറോൾഡ് സേവ്യർ**

**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ് II) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, വെള്ളനാട്.
വെബ് & ന്യൂ മീഡിയ, പബ്ലിക്ക് റിലേഷൻസ് വകുപ്പ്.
നോഡൽ ഓഫീസർ, www.finance.kerala.gov.in
ധനകാര്യ എക്സ്പെൻഡിച്ചർ സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി ( E 1329839)

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ

## ട്രഷറി ഡയറക്ടറുടെ നടപടിക്രമം

## തിരുവനന്തപുരം

(ഹാജർ: A M JAFAR )

*വിഷയം:-* *ട്രഷറി വകുപ്പ്-അടിസ്ഥാന സൗകര്യ വികസനം-വികാസ്ഭവൻ സബ് ട്രഷറി-പുതിയ കെട്ടിടത്തിൽ കർട്ടൻ, നെയിംബോർഡ്, ഫർണീച്ചർ തുടങ്ങിയവ സജ്ജീകരിക്കുന്നതിനായി പൊതുമരാമത്തു വകുപ്പിന്റെ പുതുക്കിയ എസ്റ്റിമേറ്റ്- തുക അനുവദിച്ച ഉത്തരവാകുന്നു.*

*പരാമർശം :-* *1. തിരുവനന്തപുരം ജില്ലാ ട്രഷറി ഓഫീസറുടെ 27.08.2021 ലെ എ5/641/2017 നം കത്ത്.*

*2. തിരുവനന്തപുരം ജില്ലാ ട്രഷറി ഓഫീസറുടെ 19.09.2021 ലെ എ5/641/2017 നം കത്ത്.*

*3. ഈ ഓഫീസിൽ നിന്നുള്ള 07.09.2021 ലെ TRY/949/2020 നം നടപടിക്രമം.*

*4. GO(P)No.102/2017/fin dated 07.08.2017 item no16*

**ഉത്തരവ് നം.TRY/949/2020-TIDP-IV തീയതി.13/10/2021**

വികാസ് ഭവൻ സബ് ട്രഷറിയുടെ പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതുമായി ബന്ധപ്പെട്ട് പ്രസ്തുത കെട്ടിടത്തിൽ കർട്ടൻ, നെയിംബോർഡ്, ഫർണീച്ചർ തുടങ്ങിയവ സജ്ജീകരിക്കുന്നതിനായി പൊതുമരാമത്തു വകുപ്പ് തിരുവനന്തപുരം, മെയിന്റനൻസ് ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ചിരിക്കുന്ന 98,000/- (തൊണ്ണൂറ്റി എണ്ണായിരം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് സൂചന (1) പ്രകാരം തിരുവനന്തപുരം ജില്ലാ ട്രഷറി ഓഫീസർ ശിപാർശ ചെയ്തു ഭരണാനുമതിക്കും തുക നിക്ഷേപത്തിനുമായി സമർപ്പിക്കുകയും സൂചന (3) പ്രകാരം ഈ ഓഫീസിൽ നിന്നും ഭരണാനുമതിനല്കി തുക അനുവദിച്ച ഉത്തരവായിട്ടുള്ളതുമാകുന്നു.

എന്നാൽ ആദ്യം സമർപ്പിക്കപ്പെട്ട എസ്റ്റിമേറ്റ് DSR 2016 പ്രകാരമാണ് എന്നും DSR 2018 പ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റ് പൊതുമരാമത്തു വിഭാഗം നൽകിയിട്ടുള്ളത് അംഗീകരിച്ച ഉത്തരവാകണം എന്നും ജില്ലാ ട്രഷറി ഓഫീസർ അപേക്ഷിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ സൂചന (3) പ്രകാരം ഈ ഓഫീസിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് റദ്ദ് ചെയ്യുകയും പൊതുമരാമത്തു വകുപ്പ് സമർപ്പിച്ചിട്ടുള്ള DSR 2018 പ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റ് സൂചന (4) അധികാര പരിധിയിൽ

നിന്നുകൊണ്ട് ഭരണാനുമതി നൽകി തുക അനുവദിച്ച ഇതിനാൽ ഉത്തരവാകുന്നു. പ്രസ്തുത പ്രവർത്തികൾക്കുള്ള തുകയായ 1,09,000/- (ഒരു ലക്ഷത്തി ഒൻപതിനായിരം രൂപ മാത്രം) രൂപ 2054-00-095-96 (VP) എന്ന ശീർഷകത്തിൽനിന്നും തേർച്ച ചെയ്ത പൊതുമരാമത്തു വകുപ്പ് , മെയിന്റനൻസ് ഉപവിഭാഗം തിരുവനന്തപുരം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ (DDO Code : 0101-598-010), 8443-00-108 (PWD Deposit) എന്ന ശീർഷകത്തിൽ വരവ് വെക്കുന്നതിന് ഈ ഓഫീസിലെ അസിസ്റ്റന്റ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു. തുക വരവ് വച്ചതിന്റെ അസ്സൽ ചലാൻ TIDP സെക്ഷനിൽ ലഭ്യമാക്കേണ്ടതാണ്.

A M JAFAR
DIRECTOR

*പകർപ്പ്*

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്തു വകുപ്പ് മെയിന്റനൻസ് ഉപവിഭാഗം, തിരുവനന്തപുരം
3. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
4. സബ് ട്രഷറി ഓഫീസർ, വികാസ് ഭവൻ
5. *ബിൽ സെക്ഷൻ./കരുതൽ ഫയൽ*

*//ഉത്തരവിൻ പ്രകാരം//*

*//സീനിയർ സൂപ്രണ്ട്//*

72933/2022/CRU TRY

12 JAN 2022

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - എസ്റ്റാബ്ലിഷ്മെന്റ് - ട്രഷറി വകുപ്പ് - വൈക്കം സബ് ട്രഷറിയുടെ ക്യാബിൻ പുനഃനവീകരണത്തിനും മറ്റു നിർമ്മാണ പ്രവർത്തനങ്ങൾക്കുമായുള്ള പൊതുമരാമത്തു വകുപ്പിൽ നിന്നുള്ള പുതുക്കിയ എസ്റ്റിമേറ്റിന് - ഭരണാനുമതിയും ചെലവനുവാദവും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -സി) വകുപ്പ്**

സ.ഉ.(സാധാ)നം. 81/2022/ധന. തിരുവനന്തപുരം, തീയതി : 04/01/2022

പരാമർശം:- 1. സർക്കാർ ഉത്തരവ് (പി) നമ്പർ 102/2017/ധന തീയതി 07/08/2017.
2. ട്രഷറി ഡയറക്ടറുടെ 23/12/2021 തീയതിയിലെ TRY/11317/2019-A1 നമ്പർ കത്ത്.

**ഉത്തരവ്**

വൈക്കം സബ് ട്രഷറിയുടെ ക്യാബിൻ പുനർനവീകരണത്തിനും, അറ്റകുറ്റ പ്രവൃത്തികൾക്കുമായി വൈക്കം പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച 10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റിന് പരാമർശം 1 ലെ ഉത്തരവിന്റെ അധികാരപരിധിയിൽ നിന്നുകൊണ്ട് ട്രഷറി ഡയറക്ടർ ഭരണാനുമതി പുറപ്പെടുവിച്ചിരുന്നു. എന്നാൽ DsoR 2018 നിലവിൽ വന്ന പശ്ചാത്തലത്തിൽ, വൈക്കം സബ് ട്രഷറിയുടെ പുനർനവീകരണത്തിനും, അറ്റകുറ്റ പ്രവൃത്തികൾ നടത്തുന്നതിനുമായി പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച 13,00,000/- (പതിമൂന്ന് ലക്ഷം രൂപ മാത്രം) രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതിയും ഈ പ്രവർത്തിക്കായി ഇതിനോടകം അനുവദിച്ച പത്ത് ലക്ഷം രൂപ കിഴിച്ച് മൂന്ന് ലക്ഷം രൂപയുടെ ചെലവനുവാദവും നൽകണമെന്ന് പരാമർശം 2 ലെ കത്ത് പ്രകാരം ട്രഷറി ഡയറക്ടർ അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വൈക്കം സബ് ട്രഷറിയുടെ ക്യാബിൻ പുനർനവീകരണത്തിനും, അറ്റകുറ്റപ്രവൃത്തികൾക്കുമായി DsoR 2018 പ്രകാരം സമർപ്പിച്ച 13,00,000/- (പതിമൂന്ന് ലക്ഷം രൂപ മാത്രം) രൂപയുള്ള പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കുന്നതോടൊപ്പം, ടി പ്രവർത്തിക്കായി ഡയറക്ടർക്ക് ഇതിനോടകം ചെലവനുവാദം നൽകിയ 10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) രൂപ കിഴിച്ച് ബാക്കി 3,00,000/- (മൂന്നു ലക്ഷം രൂപ) നടപ്പ് സാമ്പത്തിക വർഷത്തെ 2054-00-095-96 (VP)(TIDP) എന്ന ശീർഷകത്തിൽ നിന്ന് നിർവ്വഹിക്കുന്നതിനുള്ള ചെലവനുവാദവും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

**ശ്രീനി ജി**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ് II) കേരള, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.



Generated from eOffice by BINU J JUDWIN, TIDP -IV TRY, TIDP -IV TRY, TRY on 22/08/2022 11:27 am